LIBRARY ARCHIVES Kerala Legislative Assembly

ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പ്രവൃത്തികൾ 2022 മേയ് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കും. ഇതുകൂടാതെ കക്കാഴം മുതൽ വളഞ്ഞവഴി വരെയുള്ള ഭാഗത്ത് മദ്രാസ് ഐ.ഐ.ടി. പഠനം നടത്തി രൂപകല്പന ചെയ്തപ്രകാരം 2.20 കിലോമീറ്റർ നീളത്തിൽ 11 പുലിമുട്ടുകൾക്കായി 43.03 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പുറക്കാട് മുതൽ അമ്പലപ്പുഴ കോമന വരെയുള്ള 3.90 കിലോമീറ്റർ ഭാഗത്ത് 44 പുലിമുട്ടുകളുടെ നിർമ്മാണം 50 കോടി രൂപയുടെ നബാർഡ് സഹായത്തോടെ 2016-ൽ ഈ വകുപ്പിന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. കോമന മുതൽ പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്റർ വരെ 5.5 കി. മീ. നീളം കിഫ്ബിയിൽ ഉൾപ്പെടുത്തി എസ്.പി.വി. ആയ കിറ്റ്കോയുടെ മേൽനോട്ടത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. അവിടത്തെ വിഷയങ്ങൾ വളരെ സൂക്ഷ്മമാണെന്ന് ചൂണ്ടിയ കാലംകൊണ്ടുതന്നെ ശ്രീ. എച്ച്. സലാം ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള പ്രദേശമാണ് അമ്പലപ്പുഴ മണ്ഡലം. ഇവിടെ സൂചിപ്പിച്ചതുപോലെ, ആളുകളെ പുനരധിവസിപ്പിക്കാനും അതോടൊപ്പം പൊതുസ്ഥാപനങ്ങളെല്ലാം കടൽ ഭിത്തിയോട് ചേർന്നിരിക്കുന്നതിനാലും തോട്ടപ്പള്ളി - മാത്തേരി മുതൽ പുറക്കാട് വരെയുള്ള ഏകദേശം മൂന്ന് കിലോമീറ്റർ ദൂരവും പുന്നപ്ര മുതൽ വിജയ് പാർക്ക് വരെയുള്ള ഏഴ് കിലോമീറ്റർ ഭാഗവും കടൽത്തീര സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവൃത്തികൾക്ക് തുടക്കം കുറിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. പ്രയോറിറ്റിയിൽ പ്രസ്തുത വർക്ക് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(5) വൈവിദ്ധ്യവൽക്കരണം

ശ്രീ. എം. വിജിൻ: സർ, കേരളത്തിലെ എന്നല്ല ഇന്ത്യയിലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അഭിമാനിക്കാൻ വകയുള്ള ഇലക്ട്രോണിക് സ്ഥാപനമാണ് കെൽട്രോൺ. കെൽട്രോണിന്റെ സ്ഥാപക ചെയർമാൻ കെ. പി. പി. നമ്പ്യാർ അദ്ദേഹത്തിന്റെ സ്വദേശമായ കല്ല്യാശ്ശേരിയിലെ മാങ്ങാട്ടുപറമ്പിൽ Keltron Component Complex Ltd. (KCCL) സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം മികച്ച നിലയിൽ മുന്നോട്ടുപോകുകയും ചെയ്യുകയാണ്. അവിടെ മികച്ചയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളുമാണ് നിർമ്മിച്ചുവരുന്നത്. കെട്ടിടത്തിന്റെയും യന്ത്രസാമഗ്രികളുടെയും കാലപ്പഴക്കം സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഈ പരിമിതികൾക്കുള്ളിലും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തെ നഷ്ടമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ നിലവിൽ സാധിക്കുന്നുണ്ട്. കണ്ണൂർ എയർപോർട്ടിൽനിന്ന് ഏകദേശം 30 കിലോമീറ്ററും അഴീക്കൽ തുറമുഖത്തുനിന്ന് 15 കിലോമീറ്ററും അതോടൊപ്പം നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിലുള്ള കെൽട്രോൺ. കൺസ്യൂമർ ഇലക്ട്രോണിക്സിന്റെ സാധ്യതകൾക്കുടി പരിശോധിച്ച് ടെക്നോളജി അപ്ഗ്രഡേഷനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വൈവിധ്യവൽക്കരണം നടത്തിയും കെൽട്രോണിനെ ഇന്ത്യയിലെതന്നെ മികച്ച പൊതുമേഖലാസ്ഥാപനമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന Keltron Component Complex Ltd. (KCCL) വിവിധയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളും നിർമ്മിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ്. കപ്പാസിറ്റർ നിർമ്മാണ രംഗത്ത് ഇന്ത്യയിലെ മുൻനിരയിലുള്ള കമ്പനിയാണ് Keltron Component Complex Ltd. എന്നാൽ ഈ കമ്പനി തുടർച്ചയായി നഷ്ടത്തിലായിരുന്നു. 2017-18 മുതൽ ആദ്യമായി ലാഭത്തിൽ പ്രവർത്തിച്ചു. 2017-18-ൽ 52.05 ലക്ഷം രൂപയും 2018-19-ൽ 101.68 ലക്ഷം രൂപയും 2019-20-ൽ 279.26 ലക്ഷം രൂപയും കോവിഡ് പ്രതിസന്ധി നിലനിന്നിട്ടും ഈ സാമ്പത്തികവർഷം ഇതുവരെ 120 ലക്ഷം രൂപയും ലാഭമുണ്ടാക്കിയിട്ടുണ്ട്. കമ്പനിയുടെ സമഗ്ര വികസനവും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് പ്രോജക്ടുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. നാല് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2017 മാർച്ചിലും രണ്ട് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2021 ഫെബ്രുവരിയിലും കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ഡോ. കെ. പി. പി. നമ്പ്യാർ ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രം കമ്പനിയിൽ ആരംഭിച്ചിട്ടുണ്ട്. 'വിഷൻ 2030' എന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കി കമ്പനിയുടെ കപ്പാസിറ്റർ ഉല്പാദനം വർദ്ധിപ്പിക്കാനും ഉയർന്ന വൈവിധ്യവൽക്കരണം നടപ്പാക്കാനും താഴെപ്പറയുന്ന പദ്ധതികളിലൂടെ കമ്പനി ലക്ഷ്യമിട്ടിട്ടുണ്ട്.

1. സൂപ്പർ കപ്പാസിറ്റർ ഉല്പാദനം
2. S.M.D. (Surface Mount Capacitor/Resistor/Crystal ഉല്പാദനം)
3. Active Electronic Components (Diode, Thyristor, Power IC മുതലായവയുടെ ഉല്പാദനം).

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പ്രകാരം വിഭാവന ചെയ്തിരിക്കുന്ന പദ്ധതികൾ സമീപഭാവിയിൽ കമ്പനിയിൽ വലിയ തോതിൽ വിറ്റുവരവ് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലൂടെ കൂടുതൽ പ്രത്യക്ഷ തൊഴിലവസരങ്ങളും പദ്ധതികളുമായി ബന്ധപ്പെട്ട് അനേകം താൽക്കാലിക തൊഴിലവസരങ്ങളും അതിനോടൊപ്പമുള്ള അനുബന്ധ ചെറുകിട വ്യവസായ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാദ്ധ്യതകളും കാണുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വൈവിദ്ധ്യവൽക്കരണ പദ്ധതിയുടെ തുടർച്ചയായി ഈ സർക്കാർ ആവിഷ്കരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് കൂടുതൽ വിറ്റുവരവും ഉയർച്ചയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും നേടാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ രൂപത്തിൽ നല്ല മുന്നേറ്റം പ്രസ്തുത സ്ഥാപനത്തിനുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(6) പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

ശ്രീ. സണ്ണി ജോസഫ്: സർ, രാജ്യത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റിലും ESZ (Eco-Sensitive Zone) സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ഇതുസംബന്ധിച്ചുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും വ്യാപകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 100 മീറ്റർ മുതൽ 3 കിലോമീറ്ററും അതിലുപരിയുമായ സ്ഥലങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. 2020-ലാണ് ഈ വിജ്ഞാപനം കരടായി വന്നത്. അത് പരിഗണിച്ചുകൊണ്ട് കേരളം സീറോ പോയിന്റായി നിശ്ചയിക്കണമെന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ ഭേദഗതിയായി സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്രം വീണ്ടും അത് പരിശോധിച്ച് സ്വീകാര്യമല്ലെന്ന നിലയിൽ മടക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ആറളം വന്യജീവി സങ്കേതവും കൊട്ടിയൂർ വന്യജീവി സങ്കേതവുമുണ്ട്. അവിടെ 100 മീറ്റർ മുതലുള്ള പ്രദേശങ്ങൾ, 3 കിലോമീറ്റർ, 600 മീറ്റർ വരെയുള്ള പ്രദേശങ്ങൾ ഇങ്ങനെ വളരെ വ്യത്യാസത്തിൽ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയേയും മറ്റനുബന്ധ പ്രവർത്തനങ്ങളേയും അത് ബാധിക്കും. ആറളം പൂർണ്ണമായും ആദിവാസി പുനരധിവാസ മേഖലയാണ്. അവർക്ക് ഒരേക്കർ സ്ഥലമാണ് കിട്ടിയിട്ടുള്ളത്. ആ സ്ഥലം പൂർണ്ണമായും നഷ്ടപ്പെടുന്ന അല്ലെങ്കിൽ അവിടെ അവർക്ക് സ്വാതന്ത്ര്യമില്ലാതാകുന്ന പ്രശ്നം വരും.